**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1584** **16-10-2026-ൽ മറുപടിയ്ക്ക്**

**കണ്ണൂർ വനിതാ കോളേജിലെ സിന്തറ്റിക് ട്രാക്ക് നിർമ്മാണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. വി. സുമേഷ്

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** കണ്ണൂർ വനിതാ കോളേജിലെ സിന്തറ്റിക് ട്രാക്ക് ഉൾപ്പെടെയുള്ള ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തിയുടെ(ബജറ്റ് പദ്ധതി) നിലവിലെ സ്ഥിതി വിശദമാക്കാമോ;

**മറുപടി:** കണ്ണൂർ കൃഷ്ണ മേനോൻ മെമ്മോറിയൽ ഗവ. വുമൺസ് കോളേജിലെ ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തിയിൽ സിന്തറ്റിക് ട്രാക്ക് ഉൾപ്പെട്ടിട്ടില്ല. ഗ്രൗണ്ട് ഡെവലപ്മെന്റ്, ഹോസ്റ്റൽ കെട്ടിടം, നീന്തൽക്കുളം, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. നിലവിൽ ഹോസ്റ്റൽ ബിൽഡിംഗിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ഗ്രൗണ്ട് ഫ്ളോറിന്റെ ലിന്റിൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ പുരോഗതി മന്ദഗതിയിലായതിനാൽ 02.04.2025, 11.06.2025 & 25.09.2026 എന്നീ തീയതികളിൽ പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കണമെന്നാവശ്യപ്പെട്ട് കരാറുകാരന് കത്ത് നൽകിയിട്ടുണ്ട്. നിലവിൽ 17% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ നിർദേശിച്ചിട്ടുണ്ട്.

**(ബി)** പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി എത്ര ശതമാനമായെന്ന് അറിയിക്കാമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**